# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം -695033

നമ്പർ: ബി1-33870-2020-സം.തി.ക

തീയതി: 18-12-2020

പ്രേഷിതൻ

സെക്രട്ടറി

സ്വീകർത്താവ്

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും

സർ,

വിഷയം :- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - പൊതുതിരഞ്ഞെടുപ്പ് 2020 അംഗങ്ങളുടെ സത്യപ്രതിജ്ഞയും, അധ്യക്ഷൻ ഉപാധ്യക്ഷൻ തിരഞ്ഞെടുപ്പും - അവധിയിൽ പ്രവേശിച്ച വരണാധികാരിയുടെ ചുമതല നൽകുന്നത് - സംബന്ധിച്ച്.

സൂചന :- കമ്മീഷന്റെ 13.12.2020, 16.12.2020 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ.

തദ്ദേശ സ്ഥാപനങ്ങളിലെ പുതിയതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ/കൗൺസിലർമാരുടെ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ സംബന്ധിച്ചും അധ്യക്ഷൻ, ഉപാധ്യക്ഷൻ തിരഞ്ഞെടുപ്പ് സംബന്ധിച്ചും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് കമ്മീഷൻ സൂചന പ്രകാരം സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. അംഗങ്ങളിൽ/കൗൺസിലർമാരിൽ പ്രായം കൂടിയ അംഗത്തിന് സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യിക്കുന്നതിനും അധ്യക്ഷൻ/ഉപാധ്യക്ഷൻ തിരഞ്ഞെടുപ്പ് നടത്തുന്നതിനും ചുമതലപ്പെടുത്തിയ വരണാധികാരിക്ക് കോവിഡ് പോസിറ്റീവാകുകയോ ക്വാറന്റൈനിലാകുകയോ ചെയ്യതിനാൽ അവധിയിൽ പ്രവേശിക്കുന്നപക്ഷം പ്രസ്തുത വരണാധികാരിയുടെ ചുമതല നിർവ്വഹിക്കുന്നതിന് ഉപവരണാധികാരിക്ക് വരണാധികാരി രേഖാമൂലം നിർദ്ദേശം നൽകേണ്ടതും ഉപവരണാധികാരി അപ്രകാരം അവ യഥാവിധി നിർവ്വഹിക്കേണ്ടതുമാണ്. അപ്രകാരം രേഖാമൂലം ചുമതല നൽകാൻ വരണാധികാരിക്ക് സാദ്ധ്യമാകാത്ത സാഹചര്യമുണ്ടെങ്കിൽ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ അത്തരത്തിൽ ഉപവരണാധികാരിയെ ചുമതല ഏൽപ്പിക്കേണ്ടതാണ്. എന്നാൽ, ഏതെങ്കിലും സാഹചര്യത്തിൽ ഉപവരണാധികാരിയും അത്തരത്തിൽ പോസിറ്റീവാകുകയോ ക്വാറന്റൈനിലാകുകയോ ചെയ്യുന്ന പക്ഷം വരണാധികാരിയായി മറ്റൊരു യോഗ്യതയുള്ള ഓഫീസറെ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നിയമിക്കേണ്ടതും അവ സാധൂകരണത്തിനായി കമ്മീഷനിൽ ലഭ്യമാക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ

എ.സന്തോഷ്

സെക്രട്ടറി

'ജനഹിതം', ടി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033 ഫോൺ:0471-2325048, 2337884

Fax:0471-2338288,e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in